# മൗദൂദീ സാഹിബും ഫൈസൽ അവാർഡും

“മുത്തുമണികൾ കോർത്ത ഒരു മാല പൊട്ടി മുത്തുകൾ ചിന്നിച്ചിതറി; കൈയൂക്കുള്ളവർ അവ കൈവശപ്പെടുത്തി. ഇതായിരുന്നു ഇരുപതാം നൂറ്റാണ്ടിൻെറ ആദ്യദശകങ്ങളിൽ ഇസ്ലാമിക സമൂഹത്തിൻെറ അവസ്ഥ”[1] എന്ന് അവസാനത്തെ ഖിലാഫത്ത് ഭരണത്തിൻെറ തകർച്ചയെ കുറിച്ച് വിഷാദാത്മകമായി പ്രതികരിച്ച; “പ്രവാചക കാലംതൊട്ട് നിലനിന്നുപോന്ന ഒരു ഭരണവ്യവസ്ഥ നിഷ്കാസനം ചെയ്യപ്പെട്ടിട്ടും അത് ലോകമുസ്ലിംകളിൽ പറയത്തക്ക ആഘാത-പ്രത്യാഘാതങ്ങളൊന്നുമുണ്ടാക്കിയില്ല”[2] എന്ന് ലോകത്തിനു മുന്നിൽ വിലപിച്ച ജമാഅത്തെ ഇസ്ലാമിക്കാർ; ഖിലാഫത്തിനു ശേഷം വന്ന മുലൂകിയ്യത്തിനെ (രാജവാഴ്ചയെ) തൗഹീദിനു വിരുദ്ധമായ ഒരു ഭരണ വ്യവസ്ഥയായിട്ടാണ് പരിചയപ്പെടുത്തിയത്.

അപ്രകാരമുള്ള ‘ഒരനിസ്ലാമിക’ വ്യവസ്ഥിതി നിലകൊള്ളുന്ന രാജ്യത്തിൽനിന്നാണ് ജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപകനായ അബുൽ അഅ്ലാ മൗദൂദിക്ക് ഇസ്ലാമിക സേവനത്തിനുള്ള കിംഗ് ഫൈസൽ ഫൗണ്ടേഷൻെറ പ്രഥമ ഫൈസൽ അവാർഡ് ലഭിച്ചത്. ജമാഅത്തെ ഇസ്ലാമിയുടെ നേർക്കുള്ള, വിശിഷ്യാ മൗദൂദി സാഹിബിൻെറ, ആദർശ വ്യതിയാന ആരോപണത്തെ പ്രതിരോധിക്കാനുള്ള കവചമായി ചില സഹോദരങ്ങൾ സാർവത്രികമായി എടുത്തുപയോഗിക്കാറുള്ളത്, മൗദൂദീ സാഹിബിൻെറ ഫൈസൽ അവാർഡ് നേട്ടമാണ്. ജമാഅത്ത് പ്രസിദ്ധീകരണങ്ങളിലൂടെ അവരുടെ ആദർശത്തെ ഗ്രഹിച്ചവർക്ക് ഇത്തരത്തിലുള്ള അംഗീകാരത്തെ ജമാഅത്തിൻെറ വിശ്വസനീയതക്ക് വേണ്ടി തെളിവെടുക്കുന്നത് ദയ അർഹിക്കുന്ന ഒന്നായിട്ടാണ് തോന്നുക. വാസ്തവത്തിൽ ജമാഅത്തെ ഇസ്ലാമി പ്രചരിപ്പിക്കുന്ന പ്രസ്തുത വർത്തമാനത്തിൻെറ അന്തസ് ബോധ്യപ്പെടാൻ നമ്മൾ മനസിലാക്കേണ്ട, അല്ലെങ്കിൽ പരിഗണിക്കേണ്ട ചില യാഥാർത്ഥ്യങ്ങളുണ്ട്.

ശിർക്ക്-ബിദ്അത്തുകൾ ഗൗരവമായി എടുക്കാതെ, മദ്ഹബ് പക്ഷപാതത്തിൽ നിബിഡമായിരുന്ന ഒരു ഭരണ ആധിപത്യമായിരുന്നു ഇരുപതാം നൂറ്റാണ്ടിൻെറ തുടക്കത്തിൽ മക്കയും മദീനയും ഉൾകൊണ്ടിരുന്ന ഹിജാസിലെ അവസ്ഥ. അങ്ങനെയുണ്ടായിരുന്ന ഒരു വ്യവസ്ഥിതിക്കെതിരെയുള്ള പോരാട്ടവും, ഖുർആനും സുന്നത്തുമനുസരിച്ചു കൊണ്ടുള്ള ഒരു ഭരണവ്യവസ്ഥ തിരിച്ചുകൊണ്ടുവരാനുള്ള വളരെ മഹത്തായ പരിശ്രമവുമാണ് അബ്ദുൽ അസീസ് ആലു സുഊദ്(റ)ൻെറ നേതൃത്വത്തിൽ നടന്നത്. മുഹമ്മദ് ഇബ്നു അബ്ദുൽ വഹാബിൽ(റ)നിന്നും പ്രചോദനമുൾകൊണ്ട് അദ്ദേഹത്തിൻെറ കുടുംബങ്ങളിൽ നിന്നും മറ്റു സലഫീ പണ്ഡിതൻമാരിൽ നിന്നുമുള്ള പിന്തുണയോടെ, 1932 സെപ്തമ്പർ 23-നാണ് അബ്ദുൽ അസീസ് ബ്ൻ അബ്ദുർറഹ്മാൻ ആലു സുഊദ്(റ) ഔപചാരികമായി സുഊദി അറേബ്യയുടെ

[1] ശൈഖ് മുഹമ്മദ് കാരക്കുന്ന്, ജമാഅത്തെ ഇസ്ലാമി ലഘുപരിചയം, പേജ് 11

[2] ശൈഖ് മുഹമ്മദ് കാരക്കുന്ന്, ജമാഅത്തെ ഇസ്ലാമി ലഘുപരിചയം, പേജ് 11

ഭരണ കർത്താവായി അധികാരത്തിൽ വന്നത്. അദ്ദേഹം അത്യധികം ഭയഭക്തിയുള്ളവ്യക്തിയായിരുന്നു. നമസ്കാരത്തിനു നേതൃത്വം കൊടുത്തിരുന്ന, ജമാഅത്തിന് വരാത്ത തൻെറ പ്രജകളെ നേരിട്ടു തന്നെ സന്ദർശിച്ച് ഇസ്ലാമിക മര്യാദകൾ ഉണർത്തിയിരുന്ന ഒരു ഭരണാധികാരി; അദ്ദേഹം അധികാരത്തിൽ വന്നതിനുശേഷം നടത്തിയ പ്രഖ്യാപനത്തിൽ ചിലത് അദ്ദേഹത്തിൻെറ വാക്കുകളിൽ നിന്ന് താഴെ:

- *ഇസ്ലാമിലേക്കാകുന്നു, അതിനെ ജനങ്ങൾക്കിടയിൽ പ്രബോധനം ചെയ്യുന്നതിലേക്കാകുന്നു എൻെറ ക്ഷണം. സലഫുസ്സാലിഹിൻെറ അഖീദയിലേക്ക് ക്ഷണിക്കുന്നവനാണ് ഞാൻ. അല്ലാഹുവിൻെറ ഖുർആനും അവൻെറ റസൂലിൻെറ സുന്നത്തും മുറുകെ പിടിക്കുക എന്നതാണ് സലഫുസ്സാലിഹിൻെറ അഖീദ.*
- *മരുഭൂമിയിൽ ജനിച്ചു വളർന്നവനാണ് ഞാൻ. സംസാരത്തിൻെറ നിയമവും ശൈലിയും എനിക്കറിഞ്ഞുകൂടാ. പക്ഷെ, യാതൊരു ശൈലിയും കൂടാതെത്തന്നെ എനിക്കൊരു സത്യമറിയാം, നമ്മുടെ അന്തസും പ്രതാപവും ഇസ്ലാമിലൂടെ മാത്രമാണ്.*
- *കൂടിയാലോചനക്ക് ഒരു നിയമമുണ്ട്. സത്യം മുറുകെപ്പിടിക്കാനുള്ള സദുപദേശമാണത്. അതിന് അതിൻേറതായ പ്രത്യേകതയും സൗന്ദര്യ വുമുണ്ട്, അവ മുഖേനയാണ് ഫലം കൈവരിക. കൂടിയാലോചനയില്ലാത്ത നടപടി, പോരായ്മകളിലേക്കും, തന്നിഷ്ടത്തിലേക്കും കൊണ്ടെത്തിക്കും. പ്രവാചക സുന്നത്തിനും അല്ലാഹു നമ്മോട് കല്പിച്ച ബാധ്യതകൾക്കുമിടയിൽ ഐക്യമുണ്ടാക്കാൻ നാം കൂടിയാലോചനയെ ഇഷ്ടപ്പെടുന്നു.*
- *അല്ലാഹുവിൻെറ കഴിവ് കൊണ്ട് മാത്രമാണ് എനിക്ക് ഈ ഭരണകൂടം ഉണ്ടാക്കാനായത്. അവനാണ് എന്നെ സഹായിച്ചതും ബലം പകർന്നതും. അവനാണ് എനിക്കതിന് തൗഫീഖേകിയത്.*
- *ഭൂമിയിൽ ഔന്നിത്യം നടിക്കാനോ കുഴപ്പമുണ്ടാക്കാനൊ അല്ല ഞാനാഗ്രഹിക്കുന്നത്. മറിച്ച് മുസ്ലിംകളെയും കൊണ്ട് അവരുടെ ആദ്യകാല പ്രതാപത്തിലേക്ക് തിരിച്ച് പോകാനാണ്. സൗഭാഗ്യവും ശക്തിയും ഒത്തുചേർന്ന പഴയകാലത്തിലേക്ക്. സ്വഹാബത്തിൻെറയും താബിഉകളിടെയും അവരെ നന്മയിൽ പിന്തുടർന്ന് വന്ന ശേഷക്കാരുടെയും കാലത്തിലേക്ക്.*
- *പ്രജാസേവനം നമ്മുടെമേൽ ബാധ്യതയാണ്. അത്കൊണ്ട് തന്നെ നമ്മുടെ കണ്ണും കരളുംകൊണ്ട് നാമവരെ സേവിച്ചു കൊണ്ടിരിക്കുകയാണ്. പ്രജാക്ഷേമത്തിന് സേവനത്തിലേർപ്പെടാതെ തന്നിഷ്ടം നോക്കുന്നവർ കഴിവുകെട്ടവനാണ്. ജനങ്ങൾ അവരുടെ ഭക്ഷണപദാർത്ഥങ്ങളിലും ജീവിത വിഭവങ്ങളിലും ആനന്ദങ്ങളിലും സ്വതന്ത്രരാണ്. അതിൻമേൽ അക്രമണം കാണിക്കുന്നവനെ വിധിനടത്താൻ എനിക്ക് വിടുക.*
- *ഞാൻ തുറന്നു പറയട്ടെ, മൂന്ന് തരക്കാരെ എനിക്ക് വെറുപ്പാണ്, അവരെ പൊറുപ്പിക്കാൻ എനിക്കാവില്ല. ഒന്ന്: കരുതിക്കൂട്ടി എൻെറ മേൽ കളവു പ്രചരിപ്പിക്കുന്ന പെരുകള്ളൻ രണ്ട്: തന്നിഷ്ടക്കാരൻ മൂന്ന്: മുഖസ്തുതി പറയുന്നവൻ. ജനങ്ങളിൽ എനിക്ക് ഏറ്റവും വെറുപ്പുള്ളവർ ഈ മൂന്ന് തരം ആളുകളാണ്.*

- *അല്ലാഹു ഉദ്ദേശിക്കുവോളം, ഞാനും എന്റെ കുടുംബാംഗങ്ങളും ഈ നിയമാവലിക്കനുസരിച്ച് അത്യധ്വാനം ചെയ്തുകൊണ്ട് നിലകൊള്ളും. അല്ലാഹുവിന്റെ അനുഗ്രഹത്തോടെ, അതിൽ നിന്ന് ഒരു മുടിയിഴ പോലും ഞങ്ങൾ മാറുന്നതല്ല. അതിന്നായി അല്ലാഹുവിൽ നിന്ന് തൗഫീഖും ഹിദായത്തും തേടുകയാണ് ഞങ്ങൾ.*

(അവലംബം: http://www.mofa.gov.sa, http://www.moh.gov.sa)

എന്നാൽ ഇപ്രകാരം ഒരു ഇസ്‌ലാമിക മുന്നേറ്റം നടത്തിയ; ലോക മുസ്‌ലിംകളെ ശരിയായ ദിശയിലേക്ക് നയിക്കാൻ പോരാടിയ, ഇസ്‌ലാമിക ഭരണത്തെ പുനസ്ഥാപിച്ച ഒരു ഭരണകർത്താവിന്റെ സേവനങ്ങൾ മുഴുവൻ അനിസ്‌ലാമികമായി പ്രഖ്യാപിച്ചും മക്കയിലും മദീനയിലുമെല്ലാം നിലനില്ക്കുന്നത് തികച്ചും ജാഹിലിയ്യത്ത് വ്യവസ്ഥയാണെന്ന് ആരോപിച്ചും 1941-ൽ മൗദൂദി സാഹിബ് പ്രസംഗിച്ചു. ഖുതുബാത്തിൽ രേഖപ്പെടുത്തിയ ആ ഭാഗം വായിക്കുക:

* ഹജ്ജിന്റെ പൂർണഫലം ലഭ്യമാകേണ്ടതിന്, അതിന്റെ സാർവത്രിക ശക്തിയെ പ്രയോജനപ്രദമാക്കുന്ന സുശക്തമായ ഒരു കൈ ഇസ്‌ലാമിക കേന്ദ്രത്തിൽ ഉണ്ടായിരിക്കേണ്ടതായിരുന്നു; ലോക ശരീരത്തിൽ ശുദ്ധ രക്തപ്രവാഹത്തിന് പര്യാപ്തമായ ഒരു ഹൃദയം അവിടെ ഉണ്ടായിരിക്കേണ്ടതാവശ്യമായിരുന്നു; അല്ലാഹുവിനെ മാത്രം ഉദ്ദേശിച്ചു വരുന്ന ആയിരക്കണക്കിനും ലക്ഷക്കണക്കിനുമുള്ള ജനങ്ങൾ വഴി ഭൂമിയുടെ നാനാഭാഗത്തും ഇസ്‌ലാമിക സന്ദേശം പ്രചരിപ്പിക്കുവാൻ ഉറ്റു പരിശ്രമിക്കുന്ന ഒരു മസ്തിഷ്കം അവിടെ വേണ്ടതായിരുന്നു; ചുരുങ്ങിയത്, ആ പ്രദേശത്തെങ്കിലും യഥാർഥമായ ഇസ്‌ലാമിക ജീവിതത്തിന്റെ പൂർണ മാതൃകയുണ്ടായിരിക്കയും വർഷം പ്രതി ഹജ്ജിനു വരുന്ന മുസ്‌ലിംകൾ അവിടെനിന്നു മതനിഷ്ഠയുടെയും മതഭക്തിയുടെയും യഥാർഥവും നവീനവും സജീവവുമായ പാഠങ്ങൾ കരസ്ഥമാക്കി മടങ്ങുകയും ചെയ്ക എന്നതെങ്കിലും വേണ്ടിയിരുന്നു. പക്ഷേ, ഇതൊന്നും തന്നെ അവിടെയില്ല! ദീർഘകാലമായി അറേബ്യയിൽ അജ്ഞത വളർന്നുകൊണ്ടിരിക്കയാണ്; ഇസ്‌ലാമിന്റെ കേന്ദ്രത്തിലെ നിവാസികളെ നാനാവിധേന അഭിവൃദ്ധിപ്പെടുത്തുന്നതിനു പകരം കൊള്ളരുതാത്ത ഭരണകർത്താക്കൾ എത്രയോ നൂറ്റാണ്ടുകളായി അവരെ അടിക്കടി അധഃപതിപ്പിക്കുവാനാണ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. വിജ്ഞാനം, സാന്മാർഗിക ബോധം, സംസ്കാരം എന്നിവയെസ്സംബന്ധിച്ചിടത്തോളം അറബികളെ അവർ അങ്ങേയറ്റം അധഃപതിപ്പിച്ചിരിക്കുന്നു. തത്ഫലമായി ഒരു കാലത്ത് ഇസ്‌ലാമിന്റെ പ്രഭ ലോകമെങ്ങും വ്യാപിപ്പിച്ച അതേ പുണ്യഭൂമി ഇന്ന്; ഇസ്‌ലാമിന്റെ ആവിർഭാവത്തിനുമുമ്പ് അത് കുടുങ്ങിക്കിടന്നിരുന്ന അതേ അന്ധകാരത്തിന്നടുത്തെത്തിക്കഴിഞ്ഞിരിക്കയാണ്! ഇന്നവിടെ ഇസ്‌ലാമിക വിജ്ഞാനമോ ഇസ്‌ലാമിക സ്വഭാവമോ ഇസ്‌ലാമിക ജീവിതരീതിയോ ഒന്നുംതന്നെയില്ല; ജനങ്ങൾ വിദൂര രാജ്യങ്ങളിൽനിന്നു ആണ്ടുപൂണ്ട വിശ്വാസങ്ങളോടും വലിയ ഭക്തിബഹുമാനങ്ങളോടും പലവിധ പ്രതീക്ഷകളോടുംകൂടി പരിശുദ്ധ ഹറമിലേക്ക് യാത്ര ചെയ്യുന്നു. പക്ഷേ, ആ പ്രദേശത്തെത്തി എവിടെ നോക്കിയാലും അജ്ഞത, ദുർവൃത്തി, സങ്കുചിത മനഃസ്ഥിതി, ദുരാശ, ലജ്ജയില്ലായ്മ, കാടത്തം, ഭൗതിക സേവ, മനുഷ്യപൂജ, വ്യവസ്ഥയില്ലായ്മ, പൊതുജനങ്ങളുടെ നിന്ദാവഹമായ ദുഃസ്ഥിതി ആദിയായവ കാണുമ്പോൾ അവരുടെ പ്രതീക്ഷകളാകുന്ന ആകാശക്കോട്ട അങ്ങനെത്തന്നെ തകർന്നുപോകുന്നു. എന്നല്ല, എത്രയോ ജനങ്ങൾ ഹജ്ജ്കർമം നിർവഹിച്ചു

തങ്ങളുടെ വിശ്വാസങ്ങളെ പൂർവാധികം ശക്തിപ്പെടുത്തുന്നതിനു പകരം ഉള്ള വിശ്വാസത്തിൽനിന്നുതന്നെ കുറേ വിനഷ്ടമാക്കിയുംകൊണ്ടാണ് മടങ്ങിവരുന്നത്! ഇബ്റാഹീം (അ), ഇസ്മാഈൽ(അ) എന്നിവരുടെ ശേഷമുണ്ടായ, അന്ധകാരം നിറഞ്ഞ കാലത്ത് കഅ്ബത്തിങ്കൽ നടമാടിക്കൊണ്ടിരുന്നതും നബി(സ) തിരുമേനി വന്നു നിശ്ശേഷം നിറുത്തിക്കളഞ്ഞതുമായ അതേ പൗരോഹിത്യവും പൂജാരിത്വവും അവിടെ വീണ്ടും തലപൊക്കിയിരിക്കുന്നു. പരിശുദ്ധ കഅ്ബയുടെ സംരക്ഷകന്മാർ ഇപ്പോൾ പഴയപടി അവിടത്തെ പൂജാരിമാരായി ചമഞ്ഞിരിക്കുകയാണ്! അല്ലാഹുവിന്റെ വീട് അവരുടെ തറവാട്ടുസ്വത്തായി ത്തീർന്നിരിക്കുന്നു. ആ പരിശുദ്ധ മന്ദിരത്തോടുള്ള ഭക്തിമൂലം അവിടെ ചെന്നെത്തുന്ന ജനങ്ങളെ അവർ തങ്ങളുടെ സ്വന്തം 'ആസാമി'കളായിട്ടാണ് കണക്കാക്കുന്നത്! കൊല്ലംതോറും കഴിയുന്നത്ര കൂടുതൽ 'ആസാമി'കളെ ശേഖരിച്ചയക്കുവാനായി ഓരോ രാജ്യത്തേക്കും വൻകിട ശമ്പളക്കാരായ ഏജന്റുമാരെ അവർ നിയമിച്ചയക്കുന്നുണ്ട്. അജ്മീറിലെ 'ഖലീഫ'മാരെപ്പോലെ വർഷംപ്രതി ദല്ലാളികളുടെയും ഏജന്റുമാരുടെയും സംഘങ്ങൾ നാനാഭാഗങ്ങളിൽനിന്നും 'ആസാമി'കളെ തേടിപ്പിടിച്ചു കൊണ്ടുപോകുവാനായി മക്കയിൽനിന്നു പുറപ്പെടുന്നു; ഹജ്ജിനെക്കുറിച്ചുള്ള ഖുർആൻ വാക്യങ്ങളും നബിവചനങ്ങളും അവർക്ക് മനഃപാഠമായിരിക്കും! അവ കേൾപ്പിച്ചു അവർ ജനങ്ങളെ ഹജ്ജിന്നായി പ്രേരിപ്പിക്കുന്നു. എന്നാൽ അവരുടെ ഉദ്ദേശ്യം ജനങ്ങൾക്ക് അല്ലാഹുവിന്റെ ആരാധനാകർമത്തെ അനുസ്മരിപ്പിക്കുകയല്ല. പിന്നെയോ, ഖുർആൻ വാക്യങ്ങളും നബിവചനങ്ങളും കേട്ട് ജനങ്ങൾ ഹജ്ജിന്നായി പുറപ്പെട്ടാൽ തങ്ങളുടെ വരുമാനം വർധിക്കുമല്ലോ എന്നു മാത്രമാണ് അവർ ആശിക്കുന്നത്! ഇതിന്റെ അർഥം പ്രസ്തുത പൂജാരിമാരുടെയും അവരുടെ ദല്ലാളികളുടെയും ആഹാരത്തിനുള്ള ഒരുപകരണമായിട്ടാണ് അല്ലാഹുവും അവന്റെ റസൂലും ഈവിധ ഏർപ്പാടുകളെല്ലാം നിശ്ചയിച്ചിട്ടുള്ളതെന്നാണ്! نعوذ بالله. ഇനി പ്രസ്തുത കടമ നിർവഹിക്കുവാനായി മനുഷ്യൻ വീട്ടിൽനിന്നു പുറപ്പെട്ടാൽ യാത്ര ആരംഭിച്ചേടം മുതൽ തിരിച്ചെത്തുന്നതുവരെ സകല ദിക്കിലും "മതത്തൊഴിലാളികളും" "മതവ്യാപാരികളു"മായിട്ടാണ് സദാ അവന്നിടപെടേണ്ടി വരുന്നത്! 'മുഅല്ലിം', 'മുത്വവ്വിഫ്', 'വകീലുൽ മുത്വവ്വിഫ്' കഅ്ബയുടെ താക്കോൽകാർ, എന്നല്ല, ഹിജാസ് ഗവർമെന്റുതന്നെയും ഈ മതവ്യാപാരത്തിൽ പങ്കുകാരാണ്! ഹജ്ജിന്റെ എല്ലാ ഇനങ്ങളും പ്രതിഫലം വാങ്ങിയിട്ടാണ് ചെയ്യിച്ചുകൊടുക്കുന്നത്. ഒരു മുസ്ലിമിന് പരിശുദ്ധ കഅ്ബയുടെ വാതിൽ പോലും 'ഫീസ്'കൊടുക്കാതെ തുറന്നുകിട്ടുന്നില്ല! പൗരോഹിത്യത്തിന്റെയും പൂജാരിത്വത്തിന്റെയും നാരായവേരുതന്നെ മുറിച്ചുകളഞ്ഞ ഇസ്ലാം ദീനിന്റെ നാമമാത്ര സേവകന്മാരും കേന്ദ്രത്തിലെ ആരാധനാ മന്ദിരത്തിന്റെ സംരക്ഷകന്മാരും ഇന്നു കൈക്കൊണ്ടിട്ടുള്ളത്, ബനാറസിലെയോ, ഹരിദ്വാരിലെയോ പണ്ഡിറ്റുകളുടെയും പൂജാരിമാരുടെയും മാതൃകയാണ്! എവിടെ അല്ലാഹുവിനുള്ള ആരാധന തൊഴിലും വ്യാപാരവുമായി പരിണമിക്കുന്നുവോ, എവിടെ ആരാധനാസ്ഥലങ്ങളെ വരുമാനമാർഗമാക്കിത്തീർക്കുന്നുവോ, എവിടെ അല്ലാഹുവിന്റെ ആജ്ഞകളെ കീശ നിറക്കുവാനുള്ള ഉപകരണമായി ഉപയോഗപ്പെടുത്തുന്നുവോ, എവിടെ അല്ലാഹുവെ ആരാധിക്കുന്നതിനു പ്രതിഫലം കൊടു

274 ഖുതുബാത്ത്

ക്കേണ്ടതായി വരികയും മതസൗഭാഗ്യമെന്നത് ഒരുതരം ക്രയവിക്രയ സാധനമായി പരിണമിക്കുകയും ചെയ്യുന്നുവോ അവിടെ ആരാധനാകർമങ്ങളുടെ സാക്ഷാൽ ആത്മാവ് എങ്ങനെ അവശേഷിക്കുവാനാണ്? ഓരോരോ കർമങ്ങളും, ഒരു ഭാഗത്തു വില്ക്കുന്നവന്റെയും മറുഭാഗത്തു വാങ്ങുന്നവന്റെയും മനഃസ്ഥിതിയിലാണ് നിർവഹിക്കപ്പെടുന്നതെങ്കിൽ ഹജ്ജ് ചെയ്യുന്നവർക്കും ചെയ്യിക്കുന്നവർക്കും അതിന്റെ സാന്മാർഗികവും ആത്മികവുമായ ഫലങ്ങൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കാൻ എന്തു ന്യായമാണുള്ളത്?

(ഖുതുബാത്ത്, 16-ാം പതിപ്പ്, പേജ് 272-274)

1932-ൽ അധികാരത്തിൽ വന്ന സുഊദി ഗവർമെണ്ട് അധികം വൈകാതെതന്നെ ഇസ്ലാമിക സമൂഹത്തെ പരിഷ്കരിക്കാനുള്ള നിയമനടപടികൾ കൈകൊണ്ടിട്ടുണ്ട്. അതിൻെറ തെളിവാണ് മുമ്പ് ഉദ്ധരിച്ച, അബ്ദുൽഅസീസ് ആലു സുഊദ്(റ) അധികാരത്തിൽ കയറിയ ശേഷം നടത്തിയ പ്രഖ്യാപനം. എന്നാൽ 1941-ൽ മൗദൂദി സാഹിബ് നടത്തിയ വിമർശനം ജമാഅത്തെ ഇസ്ലാമിക്ക് ഒരു തലവേദനയാകും എന്ന് മനസിലാക്കി ഖുതുബാത്തിൽ പ്രസാധകരുടെ വക ഒരു അടിക്കുറിപ്പും നല്കി. അത് താഴെഃ

* 1941-ൽ മൗലാനാ മൗദൂദി ചെയ്ത ഈ പ്രസംഗം സ്വാഭാവികമായും അക്കാലത്തെ സ്ഥിതിഗതികൾ മുന്നിൽ വെച്ചുകൊണ്ടുള്ളതാണ്. ഈ പ്രഭാഷണത്തിൽ വിമർശനവിധേയമായ പല സംഗതികളും സുഊദി ഗവർമെന്റ് പന്നീട് പരിഷ്കരിക്കുകയും മക്കയിൽ ഗണ്യമായ സംസ്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരിക്കുന്നു- പ്രസാധകർ.

(ഖുതുബാത്ത്, 16-ാം പതിപ്പ്, പേജ് 295)

മൗദൂദി സാഹിബിൻെറ പ്രസംഗം അക്കാലത്തെ സ്ഥിതിഗതികൾ മുമ്പിൽ വെച്ചുകൊണ്ടുള്ളതാണെങ്കിൽ അദ്ദേഹം വിമർശിച്ചത് മുഴുവൻ അബ്ദുൽ അസീസ് ആലു സുഊദ്(റ)നെയും അദ്ദേഹത്തിൻെറ ഭരണവാഴ്ചയെയുമല്ലെ. ഇത്തരത്തിലുള്ള അസത്യങ്ങൾ സുഊദി ഗവർമെണ്ടിനു നേരെ അന്നദ്ദേഹം നടത്തിയതിൽ നിന്നുള്ള പ്രചോദനമായിരിക്കാം ഒരു പക്ഷെ ഇന്നത്തെ ജമാഅത്തെ ഇസ്ലാമിയുടെ നേതാക്കൻമാരിൽ നിന്നും ഇന്നും സമാനമായത് കേൾക്കേണ്ടി വരുന്നത്; അമേരിക്കയാണത്രെ സുഊദി അറേബ്യയിൽ ഖുർആൻ പഠിപ്പി

ക്കുന്നതും, സക്കാത്തിൻെറ കാര്യങ്ങൾ നിയന്ത്രിക്കുന്നതും (കേൾക്കാൻ ലിങ്കിൽ ക്ലിക്ക് ചെയ്യുക.) (http://dawah.webng.com/ji/America_Quran_padippikkunnathu.wmv).

അങ്ങിനെ മൗദൂദിയാൽ ഇത്രയധികം നിലവാരം വിട്ട് വിമർശിക്കപ്പെട്ട, തികച്ചും 'തൗഹീദിന് വിരുദ്ധമായി' നിലകൊള്ളുന്ന ഒരു രാജ്യത്തിൽ നിന്നും ഇസ്‌ലാമിക സേവനത്തിനുള്ള ഒരു അവാർഡ് കിട്ടിയത് ജമാഅത്തെ ഇസ്‌ലാമിയുടെ ആദർശങ്ങൾക്കുള്ള അംഗീകാരമാണത്രെ! സഹോദരങ്ങളെ, മൗദൂദി സാഹിബിൻെറ ആദർശങ്ങൾക്കല്ല അദ്ദേഹത്തിന് 1979-ൽ ഫൈസൽ അവാർഡ് കിട്ടിയത്. അപ്രകാരമായിരുന്നെങ്കിൽ അദ്ദേഹത്തിൻെറ മത-രാഷ്ട്ര ആദർശവാദത്തെ ഖണ്ഡിച്ചുകൊണ്ട് പുസ്തകമെഴുതിയ; തുടക്കത്തിൽ ജമാഅത്തെ ഇസ്‌ലാമിയിൽ ഉണ്ടാവുകയും പിന്നീട് അതിൻെറ വ്യതിയാനം മനസിലാക്കി പിരിഞ്ഞുപോരുകയും ചെയ്ത സയ്യിദ് അബുൽഹസൻ അലി നദ്‌വി(റ)ക്കും കിംഗ് ഫൈസൽ അവാർഡ് 1981-ൽ ലഭിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ മൗദൂദിയുടെ ഒരു പ്രത്യേക വീക്ഷണത്തിന് ഫൈസൽ അവാർഡ് നല്കി എന്ന് കരുതേണ്ടതില്ല, അങ്ങനെയൊരു പ്രചാരണത്തിന് പ്രസക്തിയുമില്ല. മുജാഹിദുകളുടെ ആദർശത്തെ ആരെങ്കിലും ചോദ്യം ചെയ്താൽ പ്രമുഖ പണ്ഡിതരിൽ ഉൾപ്പെട്ട അബുൽ ഹസൻ നദ്‌വിയുടെ(റ) ഫൈസൽ അവാർഡ് ചൂണ്ടി കാണിച്ച് മറുപടി പറയേണ്ട ഒരു ഗതികേട് സലഫികൾക്കുണ്ടായിട്ടില്ല. കാരണം, അള്ളാഹുവിൻെറ ഖുർആനും അതിൻെറ വിശദീകരണമായ ഹദീസുകളും മാത്രം അവലംബമാക്കിയേ സലഫികൾ മറുപടി പറയാൻ ശീലിച്ചിട്ടുള്ളൂ. എന്നാൽ ഇവ രണ്ടും വ്യാഖ്യാനിച്ചൊപ്പിച്ച് നിർത്താൻ പ്രതിബന്ധമുള്ളവർ "അപ്പോൾ മൗദൂദി സാഹിബിന് ഫൈസൽ അവാർഡ് കിട്ടിയതോ" എന്ന പല്ലവി അവസാനമായി ആവർത്തിക്കുകയാണ് ചെയ്യാറ്. അതല്ലാതെ അവർക്ക് മറ്റു പോംവഴികളില്ല.

സഹോദരങ്ങളെ, ഇഹലോകത്തെ അംഗീകാരങ്ങളും സെർട്ടിഫിക്കറ്റുകളുമല്ല പരലോക വിജയത്തിനുള്ള മാനദണ്ഡങ്ങൾ. അള്ളാഹുവും അവൻെറ റസൂലും പഠിപ്പിച്ചവക്ക് പുറത്തുള്ള കാര്യങ്ങൾ ആരുതന്നെ കൊണ്ടുവന്നാലും അത് അംഗീകരിക്കേണ്ട ബാധ്യത മുസ്‌ലിമിനില്ല. മൗദൂദിയേക്കാളും റസൂലിനെ ഇഷ്ടപ്പെടാൻ സാധിക്കുന്നില്ലെങ്കിൽ വിഷയം ഗുരുതരമാണ്; അതിൻെറ അന്ത്യം കൈപ്പേറിയതായിരിക്കും. സത്യം ബോധ്യപ്പെട്ടാൽ അത് സ്വീകരിക്കുവാനുള്ള മനസ്ഥിതി നേതാക്കൻമാരോടുള്ള അതിരുവിട്ട സ്നേഹം മൂലം ഇല്ലാതെയാകുന്നത് സൂക്ഷിക്കുക. അള്ളാഹുവിൻെറ ഇഷ്ടദാസൻമാരായി നമ്മെയെല്ലാവരെയും അവൻ മരിപ്പിക്കുമാറാകട്ടെ, ആമീൻ.

**അൻവർ അബൂബക്കർ**